ചുവപ്പു ഭീകരതയുടെ തേർവാഴ്ച: ചെന്നിത്തല

തിരുവനന്തപുരം: ചുവപ്പ് ഭീകരതയുടെ തേർവാഴ്ചയാണ് കണ്ണൂരിൽ നടക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഷുഹൈബിനെ സി.പി.എം അക്രമികൾ വെട്ടിക്കൊന്ന സംഭവം മനഃസാക്ഷിയെ മരവിപ്പിക്കുന്നതാണ്. പൊലീസിനെ പ്രവർത്തിക്കാൻ അനുവദിക്കാതെ സി.പി.എം നിയമവാഴ്ചയെ കൈയിലെടുത്തിരിക്കുന്നു. മറ്റു രാഷ്ട്രീയ പാർട്ടികളെ പ്രവർത്തിക്കാൻ അനുവദിക്കാതെയുള്ള ഭീകര പ്രവർത്തനമാണ് കണ്ണൂരിൽ സി.പി.എം നടത്തുന്നത്. കോൺഗ്രസ് പ്രവർത്തകർ ആത്മ സംയമനം കൈവെടിയരുതെന്നും വ്യാഴാഴ്ച കണ്ണൂർ സന്ദർശിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഈ ദുരന്തനായകനു വേണം പ്രണയസാഫല്യത്തിന്റെ ക്ലൈമാക്സ്

KAUMUDI SPECIAL

കോട്ടാത്തല ശ്രീകുമാർ

കണ്ടറ: ക്ലൈമാക്സ് എഴുതിയിട്ടില്ലാത്ത ഒരു പ്രണയകാവ്യമാണ് കിഷോർ കുമാറിന്റെ ജീവിതം. തലച്ചോറിൽ വെടിയുണ്ട തുളഞ്ഞുകയറിയിട്ടും ടെയിനിനടിയിൽപ്പെട്ട് കൈകാലുകൾ മുറിഞ്ഞുമാറിയിട്ടും മരണം കിഷോർ കുമാറിനെ വെറുതേവിട്ടത് പ്രണയസാഫല്യത്തിനു വേണ്ടിയാവാം!

നാഷണൽ ഡിഫൻസ് അക്കാഡമിയിൽ ടെയിനിംഗ് പൂർത്തിയാക്കിയ കിഷോർ വായുസേനയിലെ ഗരുഡ് കമാൻഡോ ആയിരുന്നു. അവിടെനിന്ന് എല്ലാം നഷ്ടപ്പെട്ടവനായി പത്തനാപുരം ഗാന്ധിഭവനിൽ ജീവിതം തള്ളിനീക്കുകയാണിപ്പോൾ.

വയസ് 55 ആയെങ്കിലും യൗവനത്തിൽ മനസിൽ കുടിയേറിയ ഒരു പ്രണയത്തിന്റെ സാക്ഷാത്കാരത്തിനായി ഹൃദയം വിങ്ങുന്നു. ജീവിതം കിഷോറിന് സമ്മാനിച്ച ദുരിതങ്ങളൊന്നും അറിയാതെ അനന്തപുരിയിൽ അവളുണ്ട്. എന്നെങ്കിലും മടങ്ങിവരുന്ന കിഷോറിനെ അവൾ പ്രതീക്ഷിക്കുന്നുണ്ടാവും.

കെ. കിഷോർ കുമാർ ഇടംകൈകൊണ്ട് പ്രണയത്തിന്റെ ഓർമ്മക്കുറിപ്പ് എഴുതുന്നു

തിരുവനന്തപുരം അതിയന്നൂർ രാമപുരം കാലായിൽ വീട്ടിൽ ഓമന അമ്മയുടെ ഏക മകനായ കെ. കിഷോർ കുമാർ 1991 ലാണ് വായുസേനയിലെത്തിയത്. അക്കാലത്തുതന്നെ തിരുവനന്തപുരത്തുകാരിയായ പെൺകുട്ടിയുമായി പ്രണയത്തിലായി. അവളുടെ നിർബന്ധം കൂടുംബത്തിന്റെ ചുമതല കിഷോർ ഏറ്റെടുത്തു. എന്നാൽ, അമ്മയുടെ കഠിനമായ എതിർപ്പിൽ ഇവരുടെ വിവാഹം നടന്നില്ല. അമ്മയെ പിണക്കാനാവാത്തതിനാൽ പ്രണയം മനസിലൊതുക്കി ജീവിച്ചു.

ഒന്നര വർഷം മുൻപ് കിഷോറിന്റെ അമ്മ മരിച്ചു. വിധി ഇതിനിടെ കിഷോറിനോട് കാട്ടിയ ക്രൂരതകൾ ചില്ലറയല്ല.

ആത്മസഖിക്കെഴുതുന്ന ഓർമ്മക്കുറിപ്പ്

2006 നവംബറിൽ ചിറാപുഞ്ചിയിൽ ഔദ്യോഗിക മീറ്റിംഗിന് എത്തിയ ചീഫ് എയർ മാർഷൽ പിങ്കളയുടെ ബോഡിഗാർഡായിരുന്നു കിഷോർ. മീറ്റിംഗ് കഴിഞ്ഞ് ഇറങ്ങിയപ്പോൾ മൂന്ന് അസാം തീവ്രവാദികൾ കാടിന്റെ മറവിൽ നിന്ന് കാറിനുനേർക്ക് വെടിവച്ചു.

മൂവരെയും സൈന്യം വെടിവച്ചുകൊന്നെങ്കിലും മൂന്നാമന്റെ അവസാന വെടിയുണ്ട തറച്ചത് കിഷോറിന്റെ വലതുനെറ്റിയിൽ. ബോധം വീണത് 59 ദിവസത്തിനുശേഷം. തലച്ചോറിന്റെ നല്ലൊരു പങ്കും നീക്കംചെയ്യേണ്ടിവന്നു. ചികിത്സയ്ക്കുശേഷം2007ഫെബ്രുവരിയിൽ ജോലിക്കുകയറി. ജൂലായിൽ വി.ആർ.എസ് വാങ്ങി.

2015ൽ ടെയിൻ യാത്രയ്ക്കിടെയാണ് അടുത്ത ദുരന്തമുണ്ടായത്. ഇരണിയൽ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങാൻ ശ്രമിക്കവേ കാലുതെന്നി വീണു. വലതുകാലും കൈയും ടെയിൻ കയറി അറ്റുപോയി. ചികിത്സ കഴിഞ്ഞപ്പോഴേക്കും കിടപ്പാടമുൾപ്പെടെ നഷ്ടപ്പെട്ടിരുന്നു. എൻ.ഡി.എയിലെ പരിശീലനത്തിന്റെ ആറ് വർഷം സർവീസായി പരിഗണിക്കാഞ്ഞതിനാൽ വി.ആർ.എസിന് സൈന്യത്തിന്റെ ആനുകൂല്യങ്ങൾ ലഭിച്ചില്ല.

ഈ പ്രണയദിനത്തിൽ ആത്മസഖിക്ക് ഇടംകൈയാൽ ഒരു ഓർമ്മക്കുറിപ്പ് എഴുതാനുള്ള ശ്രമത്തിലാണ് കിഷോർ. പോസ്റ്റ് ചെയ്യാനല്ല. കാരണം ഇതൊക്കെ അറിഞ്ഞാൽ അവൾ ഓടിയെത്തും. സർക്കാർ ഉദ്യോഗമുണ്ടായിട്ടും അവൾ കാത്തിരിക്കയാണ്. നടന്ന സംഭവങ്ങളൊന്നുമറിയാതെ ... കിഷോറിന്റെ ശബ്ദം ഇടറി. വാക്കുകൾ മുറിഞ്ഞു.

ഇഷ ഫൗണ്ടേഷന്റെ ശിവരാത്രി ആഘോഷങ്ങൾക്ക് കോയത്തമ്പൂരിലെ ഇഷ യോഗാ സെന്ററിൽ സദ്ഗുരുവിന്റെ നേതൃത്വത്തിൽ തുടക്കമായപ്പോൾ

ഗുരുദർശനം ദുർവ്യാഖ്യാനിക്കാനുള്ള ശ്രമം ചെറുക്കണം: മന്ത്രി മാത്യു ടി. തോമസ്

ആലുവ: ശ്രീനാരായണ ഗുരുവിന്റെ മഹത്തായ ദർശനം ദുർവ്യാഖ്യാനിക്കാനുള്ള ശ്രമത്തെ മതേതര വിശ്വാസികൾ ചെറുക്കണമെന്ന് മന്ത്രി മാത്യു ടി. തോമസ് പറഞ്ഞു.

ആലുവ അദ്വൈതാശ്രമത്തിൽ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് 'ഗുരുദർശനത്തിലെ ജാതി മീമാംസ' സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗുരുവിന്റെ ദർശനം പ്രായോഗികമല്ലെന്ന് പ്രചരിപ്പിക്കുന്നവർക്ക് ലക്ഷ്യങ്ങൾ പലതാണ്. ജാതിയും മതവും നോക്കാതെ മനുഷ്യർക്ക് വേണ്ടിയാണ് ശ്രീനാരായണഗുരു പ്രവർത്തിച്ചത്. ഗുരുസന്ദേശങ്ങൾ പലരും വ്യക്തിപരമായ നേട്ടത്തിനും ലാഭത്തിനും ഉപയോഗിക്കുകയാണ്. ഈശ്വരനും നീയും രണ്ടല്ല, ഈശ്വരൻ നിന്നിൽ തന്നെയുണ്ട്. നിന്നിലുള്ള ഈശ്വരനെ ആരാധിക്കുകയും ചെകുത്താനെ നിഗ്രഹിക്കുകയും വേണമെന്നാണ് ഗുരു പറഞ്ഞത്.

പ്രതിസന്ധി ഘട്ടങ്ങളിൽ ഗുരുസന്ദേശം മനുഷ്യമനസുകൾക്ക് ആത്മവിശ്വാസം നൽകുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എത്തിനു മഹത്തിന് നൽകിയ സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടത് ഏതെങ്കിലും ഒരു മതവിഭാഗമല്ല, എല്ലാവരും ഗുരുസന്ദേശം ഹൃദയത്തോട് ചേർത്ത് പിടിക്കണം.

ഗുരു സന്ദേശങ്ങൾ പലരും വ്യക്തിപരമായ നേട്ടത്തിനും ലാഭത്തിനും ഉപയോഗിക്കുകയാണ്. ഈശ്വരനും നീയും രണ്ടല്ല, ഈശ്വരൻ നിന്നിൽ തന്നെയുണ്ട്. നിന്നിലുള്ള ഈശ്വരനെ ആരാധിക്കുകയും ചെകുത്താനെ നിഗ്രഹിക്കുകയും വേണമെന്നാണ് ഗുരു പറഞ്ഞത്.

പ്രതിസന്ധി ഘട്ടങ്ങളിൽ ഗുരുസന്ദേശം മനുഷ്യമനസുകൾക്ക് ആത്മവിശ്വാസം നൽകുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എസ്.എൻ.ഡി.പി യോഗം പ്രസിഡന്റ് ഡോ. എം.എൻ. സോമൻ പറഞ്ഞു. ഗുരുവിന്റെ കർമ്മഭൂമിയായ അദ്വൈതാശ്രമം മനുഷ്യമനസിലെ എല്ലാ വിഷമങ്ങളെയും കഴുകിക്കളയുമെന്നും അദ്ദേഹം പറഞ്ഞു.

എ.വി. അശോകൻ മുഖ്യപ്രഭാഷണവും, മുഹമ്മ വിശ്വഗാജി മഠം സെക്രട്ടറി സ്വാമി അസ്പർശാനന്ദ അനുഗ്രഹ പ്രഭാഷണവും നടത്തി. എസ്.എൻ.ഡി.പി യോഗം ആലുവ യൂണിയൻ പ്രസിഡന്റ് വി. സന്തോഷ്ബാബു, എം.വി. മനോഹരൻ എന്നിവർ പ്രസംഗിച്ചു. ഗുരുധർമ്മ പ്രചാരണസഭ കോ-ഓർഡിനേറ്റർ കെ.എസ്. ജെയിൻ സ്വാഗതവും പി.സി. ബിബിൻ നന്ദിയും പറഞ്ഞു.

നടൻ ഹരികുമാരൻ തമ്പി നിര്യാതനായി

തിരുവനന്തപുരം: നിരവധി സീരിയലുകളിലൂടെ കുടുംബ സദസുകൾക്ക് ഏറെ പ്രിയങ്കരനായ നടൻ വട്ടിയൂർക്കാവ് വലിയവീട് ലെയിൻ 'ഗൗരിനന്ദന'ത്തിൽ ഹരികുമാരൻ തമ്പി (56) നിര്യാതനായി. കരൾ രോഗത്തെ തുടർന്ന് കുറച്ച നാളായി ചികിത്സയിലായിരുന്നു. ഇന്നലെ വൈകിട്ട് അഞ്ചരയോടെ മെഡിക്കൽ കോളേജ് ആശുപത്രിയിലായിൽ വച്ചായിരുന്നു മരണം. നാടക രംഗത്തു നിന്നാണ് ഹരികുമാരൻ തമ്പി സിനിമ-സീരിയൽ രംഗത്തെത്തിയത്. രാധാകൃഷ്ണൻ മംഗലത്ത് സംവിധാനം ചെയ്ത 'ഇന്ദുമുഖി ചന്ദ്രമതി' എന്ന ഹാസ്യപരമ്പരയാണ് അദ്ദേഹത്തിന് ബ്രേക്ക് നൽകിയത്. തുടർന്ന് സ്ത്രീധനം, ബാലഗണപതി, സ്ത്രീധനം തുടങ്ങിയ സീരിയലുകളിൽ അഭിനയിച്ചു.

തേജാഭായി, ദലമർമ്മരങ്ങൾ, കണിച്ചുകുളങ്ങരയിൽ സി.ബി.ഐ തുടങ്ങിയ സിനിമകളിലും അഭിനയിച്ചു. സംസ്കാരം ഇന്നലെ രാത്രി ശാന്തികവാടത്തിൽ നടന്നു. ഭാര്യ: സുഷമ. എം.എ. വിദ്യാർത്ഥിനിയായ ഗൗരി തമ്പി ഏകമകളാണ്.

എം.സി. പോൾ നിര്യാതനായി

ഇരിങ്ങാലക്കട: ഇരിങ്ങാലക്കുട നഗരസഭാ മുൻ ചെയർമാനും കോൺഗ്രസ് നേതാവും വ്യവസായ പ്രമുഖനുമായിരുന്ന എം.സി. പോൾ (94) നിര്യാതനായി. ചൊവ്വാഴ്ച രാവിലെ മകൻ എം.പി. ജാക്സന്റെ വസതിയിൽ വച്ചായിരുന്നു മരണം. കുറച്ച് മാസങ്ങളായി അസുഖബാധിതനായി കഴിയുകയായിരുന്നു. കെ.എസ്.ഇയുടെ 54 വർഷത്തെ പ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്നിരുന്ന മാനേജിംഗ് ഡയറക്ടറായ എം.സി. പോൾ ഒക്ടോബർ 22ന് ഔദ്യോഗിക പദവിയിൽ നിന്നു വിരമിച്ചു.

മക്കൾ: എം.പി. ജാക്സൺ (കെ.പി.സി.സി ജനറൽ സെക്രട്ടറി ആൻഡ് മുൻ മുൻസിഷൽ ചെയർമാൻ), എം.പി. ഉഷ, എം.പി ടോമി (എം.സി.പി ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഡയറക്ടർ), എം.പി. ജിജി (എം.സി.പി ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഡയറക്ടർ), എം.പി. ജിജി (എം.സി.പി ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഡയറക്ടർ).

മരുമക്കൾ: എസ്സു ജാക്സൺ, ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, മോളി ടോമി, റീന ജിജി ആലപ്പാട്ട് പാലത്തിങ്കൽ, പുഷ്പം ഫ്രൈറ്റ് പൊറത്തൂർ പള്ളിക്കുന്നൻ.

മൃതദേഹം 14ന് വൈകിട്ട് മൂന്നിന് അയ്യങ്കാവ് മൈതാനത്തിന്റെ സമീപത്തെ തറവാട്ടുവീട്ടിൽ പൊതുദർശനത്തിന് വയ്ക്കും. 15ന് അഞ്ചിന് സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ സംസ്കരിക്കും.

മതങ്ങളെല്ലാം ഒന്നെന്ന് പഠിപ്പിച്ചത് ഗുരുദേവൻ: പി.ജെ. കുര്യൻ

നെയ്യാറ്റിൻകര: എല്ലാ മതങ്ങളും ഉദ്ഘോഷിക്കുന്ന സത്യം ഒന്നാണെന്ന് ലോക സമക്ഷം ശിവപ്രതിഷ്ഠയിലൂടെ സാക്ഷാത്കരിച്ചതാണ് ഗുരുദേവൻ അനുഷ്ഠിച്ച ഏറ്റവും വലിയ ധർമ്മമെന്ന് രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ പറഞ്ഞു. അരുവിപ്പുറത്ത് നൂറ്റിമുപ്പതാമത് ശിവപ്രതിഷ്ഠാ വാർഷികത്തിന്റെ സമാപനയോഗവും ശിവരാത്രി സമ്മേളനവും ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

ഗുരുദേവ ദർശനം ലോകത്ത് ഇന്ന് പുലരുന്ന സനാതന മല്ലാത്ത വിധ്വംസക പ്രവർത്തനത്തിന് മറുമരുന്നാണ്. ജാതി-വർഗ രഹിതമായ സംസ്കാരത്തെയും മതത്തെയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയെന്ന ഗുരുധർമ്മത്തിന്റെ വിജയമാണ് ആധുനിക കേരളം. എല്ലാ ജാതി വിഭാഗങ്ങൾക്കും യാതൊരു മടിയും കൂടാതെ വന്നു തൊഴാവുന്ന ക്ഷേത്രം സ്ഥാപിക്കുക വഴി ലോകത്ത് മതസാഹോദര്യത്തിന് വിത്ത് പാകുകയായിരുന്നു ഗുരുദേവനെന്നും കുര്യൻ പറഞ്ഞു.

130 -ാമത് അരുവിപ്പുറം മഹാശിവരാത്രി സമ്മേളനം രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പ്രൊഫ. സി. രവീന്ദ്രനാഥ്, എം.എം. മണി, എം.എൽ.എമാരായ ഐ.ബി. സതീഷ്, സി.കെ. ഹരീന്ദ്രൻ, കെ. ആൻസലൻ, എം.വി. ജയരാജൻ, പി.കെ. കൃഷ്ണദാസ്, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ഡി.ഐ.ജി കെ. ഷെഫീൻ അഹമ്മദ്, വണ്ടന്നൂർ സന്തോഷ് എന്നിവർ സമീപം

വിശ്വ മാനവിക ദർശനമായ ഗുരുദർശനം ഇനിയും പ്രചാരം നേടേണ്ടിയിരിക്കുന്നുവെന്ന് അദ്ധ്യക്ഷത വഹിച്ച മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. മന്ത്രി എം.എം.മണി, ഐ.ബി.സതീഷ് എം.എൽ.എ, കെ.ആൻസലൻ എം.എൽ.എ, സി.കെ.ഹരീന്ദ്രൻ എം.എൽ.എ, സി.പി.എം സംസ്ഥാന കമ്മിറ്റി അംഗം എം.വി. ജയരാജൻ, ബി.ജെ.പി നേതാവ് പി.കെ.കൃഷ്ണദാസ്, ഡി.ഐ.ജി കെ. ഷെഫീൻ അഹമ്മദ്, എസ്.എൻ.ഡി.പി യോഗം നെയ്യാറ്റിൻകര യൂണിയൻ കൺവീനർ ആവണി ശ്രീകണ്ഠൻ, വണ്ടന്നൂർ സന്തോഷ് തുടങ്ങിയവരും സംസാരിച്ചു. ഗുരുധർമ്മ പ്രചാരണസഭ സെക്രട്ടറി സ്വാമി ഗുരുപ്രസാദ് സ്വാഗതവും, ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ നന്ദിയും പറഞ്ഞു.

മൂലൂർ അവാർഡ് പി.പി. രാമചന്ദ്രന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല പ്രൊ വൈസ് ചാൻസലർ ഡോ. കെ.എസ്. രവികുമാർ സമ്മാനിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ വി. ശശി സമീപം

മൂലൂർ അനീതിക്കെതിരെ ശബ്ദമുയർത്തിയ കവി: ഡെപ്യൂട്ടി സ്പീക്കർ വി. ശശി

പത്തനംതിട്ട : ഉച്ചനീചത്വങ്ങളും അസമത്വങ്ങളും നിറഞ്ഞ ഒരു കാലഘട്ടത്തിൽ അനീതികളോടു പോരാടിയ കവിയായിരുന്നു മൂലൂർ എസ്. പത്മനാഭപണിക്കരെന്ന് നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി. ശശി പറഞ്ഞു. സരസകവി മൂലൂർ എസ്. പത്മനാഭപണിക്കരുടെ 149ാമത് ജയന്തി ആഘോഷങ്ങളുടെ ഭാഗമായുള്ള അവാർഡ് സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജാതിവ്യവസ്ഥയ്ക്കും ചാതുർവർണ്യത്തിനുമെതിരെ മൂലൂരിനെപ്പോലെയുള്ള മഹാന്മാർ പടപൊരുതി സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. ഇന്ന് നിയമം മൂലം ജാതി വ്യവസ്ഥ നിരോധിച്ചിട്ടുണ്ടെങ്കിലും പൂർണമായി ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. പൈതൃകവും സംസ്കാരവും നമ്മുടെ അമൂല്യമായ വിജ്ഞാന സമ്പത്താണ്. ഇതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ, അത് കാലഘട്ടത്തിന് അനുസരിച്ച് മാറ്റം വരുത്തി വേണം അടുത്ത തലമുറയ്ക്കൈമാറേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

വീണാ ജോർജ് എം.എൽ.എ അദ്ധ്യക്ഷയായിരുന്നു. മൂലൂർ അവാർഡ് പി.പി. രാമചന്ദ്രനും നവാഗത കവികളുള്ള മൂലൂർ പുരസ്കാരം മധു ആലപടമ്പിനും ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലപ്രൊവൈസ്ചാൻസലർ ഡോ. കെ.എസ്. രവികുമാർ സമ്മാനിച്ചു. സംസ്കൃത ഭാഷയിൽ ഡോക്ടറേറ്റ് നേടിയ കെ.കെ. അജയകുമാറിനെ ഡെപ്യൂട്ടി സ്പീക്കർ ആദരിച്ചു. ഗ്രന്ഥശാലാ പ്രവർത്തകയ്ക്കുള്ള കേരളസാഹിത്യ അക്കാഡമി പുരസ്കാരം നേടിയ കെ. ആർ. സുശീലയെ ആദരിച്ചു. മൂലൂർ സ്മാരക സമിതി പ്രസിഡന്റ് കെ. സി. രാജഗോപാലൻ, സെക്രട്ടറി പ്രൊഫ. ഡി. പ്രസാദ്, മൂലൂർ സ്മാരക സമിതി സെക്രട്ടറി വി. വിനോദ്, ട്രഷറർ കെ.എൻ. ശിവരാജൻ, എ.പി. ജയൻ, ഡോ. എ. റസുലുദീൻ, ഡോ. അനു ഹരിലാൽ എന്നിവർ പ്രസംഗിച്ചു.

മാതാ അമൃതാനന്ദമയി മഠത്തിന്റെ വനിതാ സ്വാശ്രയസംഘം അമൃതശ്രീയുടെ ജില്ലാ സമ്മേളനം മന്ത്രി ജെ. മെഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്യുന്നു. അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദ, സ്വാശ്രയസംഘം ചീഫ് കോർഡിനേറ്റർ പ്രസിഡന്റ് സി. വിഷ്ണുഭക്തൻ, ബി. ജെ. പി ദേശീയ എക്സിക്യൂട്ടീവ് അംഗം ശോഭാ സുരേന്ദ്രൻ എന്നിവർ സമീപം

സി.പി.എമ്മിന്റെ വികൃതമുഖം: ഹസൻ

തിരുവനന്തപുരം: കണ്ണൂരിൽ യൂത്ത് കോൺഗ്രസ് നേതാവിനെ വെട്ടിക്കൊന്നതിലൂടെ സി.പി.എം കൊലപാതക രാഷ്ട്രീയത്തിന്റെ വികൃതമുഖം ഒരിക്കൽക്കൂടി പ്രകടമായിരിക്കുകയാണെന്ന് കെ.പി.സി.സി പ്രസിഡന്റ് എം.എം.ഹസൻ പ്രസ്താവിച്ചു. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരേ സി.പി.എം നടത്തുന്ന സംഘട്ടനങ്ങൾ കോൺഗ്രസിലേക്കുകൂടി വ്യാപിപ്പിച്ച് കേരളത്തെ കലാപ ഭൂമിയാക്കാനാണ് ശ്രമിക്കുന്നത്. സി.പി.എം. ജില്ലാ നേതാക്കളുടെ അറിവോടും സമ്മതത്തോടും നടന്ന ആസൂത്രിത കൊലപാതകമാണിത്.

ഡി.വൈ.എഫ്.ഐ പ്രവർത്തകർ ട്രെയിൻ തടയൽ സമരം നടത്തി

തിരുവനന്തപുരം: കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് ഡി.വൈ.എഫ്.ഐ നേതൃത്വത്തിൽ ട്രെയിൻ തടയൽ (റെയിൽ രോഖോ) സമരം നടത്തി. റെയിൽവേ സ്വകാര്യവൽകരണം ചെറുക്കുക, പെട്രോൾ ഡീസൽ വിലകൊള്ളയടി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഡി.വൈ.എഫ്.ഐ പ്രവർത്തകർ രാജ്യവ്യാപകമായി ട്രെയിൻ തടഞ്ഞത്.

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ഡി.വൈ.എഫ്.ഐ പ്രവർത്തകർ കേരള എക്സ്പ്രസ് തടഞ്ഞു. സംസ്ഥാന ട്രഷറർ പി. ബിജു സമരം ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി ഐ. സാജു അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ഐ.പി ബിനു, ബെൻഡാർവിൻ, ബി. ഷാജു, ഷിജുഖാൻ, ബാലമുരളി, കവിത എന്നിവർ സംസാരിച്ചു. വയനാട്, ഇടുക്കി ജില്ലകളിൽ ബുധനാഴ്ച കേന്ദ്രസർക്കാർ ഓഫീസ് മാർച്ച് നടത്തും.

മേള സ്പിരിറ്റ് ... ശിവരാത്രി ആഘോഷങ്ങളുടെ ഭാഗമായി തൃശൂർ അശോകേശ്വരം ശിവക്ഷേത്രത്തിൽ നടന്ന എഴുന്നള്ളിപ്പിൽ പഞ്ചാരിമേളം ആസ്വദിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥൻ ടൈറ്റസ്

ഫോട്ടോ: റാഫി എം. ദേവസി

ഹരിഗോവിന്ദൻ

സലാഹുദ്ദീൻ

കെ.പി.എസ്.ടി.എ ഭാരവാഹികൾ

തിരുവനന്തപുരം: കെ.പി.എസ്.ടി.എ പ്രസിഡന്റായി പി. ഹരിഗോവിന്ദനെയും ജനറൽ സെക്രട്ടറിയായി എം. സലാഹുദ്ദീനെയും തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: എസ്. സന്തോഷ് കുമാർ (ട്രഷറർ), പി.ജെ. ആന്റണി, ടി.കെ. ഏവുജിൻ (അസോസിയേറ്റ് സെക്രട്ടറിമാർ), കെ. സി. രാജൻ, വി.കെ. അജിത്ത് കുമാർ, സി. പ്രദീപ്, പറമ്പാട്ട് സുധാകരൻ, മുഹമ്മദ് റാഫി. ജെ, ഷാജു. എം, അനിൽ, ജീവൽ ശ്രീ പിള്ള (വൈസ് പ്രസിഡന്റുമാർ), എം.കെ. സനൽകുമാർ, പി.ഒ. പാപ്പച്ചൻ, ടോമി ജോസഫ്, സുനിൽകുമാർ. എച്ച്, പി.യു. വിൽസൺ, പ്രദീപ് കുമാർ. ഇ, ടി.എ. ഷാഹിദ റഹ്മാൻ, ലേഖ ആർ. പിള്ള (സെക്രട്ടറിമാർ).

കൊല്ലം വടക്കേവിള വലിയകുന്നുംപായിക്കുളം ശ്രീഭദ്രകാളിക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തിന് ക്ഷേത്ര തന്ത്രി പറവൂർ രാകേഷ് തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റുന്നു